**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 12** **27-01-2026 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക ചന്തകളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ക്രിസ്തുമസ്-പുതുവത്സരത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്ക് ന്യായവിലയിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാൻ സപ്ലൈകോ ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക ചന്തകളുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സപ്ലൈകോയുടെ വിപണി ഇടപെടൽ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വർഷവും ഉത്സവകാലങ്ങളിൽ പ്രത്യേകം ഫെയറുകൾ സംഘടിപ്പിക്കാറുണ്ട്. 2025 ക്രിസ്തുമസ്- 2026 പുതുവത്സര വേളയിൽ സപ്ലൈകോ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം തൃശ്ശൂർ എന്നീ ജില്ലകളിൽ 22-12-2025 മുതൽ 01-01-2026 വരെ പ്രത്യേകമായി ജില്ലാ ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. എല്ലാ ജില്ലാ ഫെയറുകളിലും പച്ചക്കറി സ്റ്റാളുകളും സജ്ജീകരിച്ചിരുന്നു. നീണ്ട ക്യൂ ഒഴിവാക്കുന്നതിനായി വേണ്ടത്ര ബില്ലിംഗ് കൗണ്ടറുകളും POS മെഷീനുകളും ഒരുക്കിയിരുന്നു. ഇതിനുപുറമേ താലൂക്ക് തലത്തിൽ ഓരോ താലൂക്കിലെയും പ്രമുഖ സപ്ലൈകോ വിൽപ്പനശാലയോട് ചേർന്ന് ക്രിസ്തുമസ്-ന്യൂഇയർ ചന്തകളും സംഘടിപ്പിക്കുകയുണ്ടായി. ഇത്തരത്തിൽ 76 താലൂക്ക് ക്രിസ്തുമസ്-ന്യൂഇയർ ചന്തകളും സംഘടിപ്പിച്ചു. ക്രിസ്തുമസ് & ന്യൂ ഇയർ സീസണിൽ എല്ലാ വിൽപ്പനശാലകളിലും ഫെയറുകളിലും സബ്സിഡി ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങൾ ലഭ്യമാക്കി. അതോടൊപ്പം ക്രിസ്തുമസ് സ്പെഷ്യൽ ഇനങ്ങളുടെയും (cake, dry fruits etc) ലഭ്യത ഉറപ്പുവരുത്തി. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഗോൾഡ് ടീ, ശബരി അപ്പം പൊടി, ശബരി പുട്ടുപൊടി തുടങ്ങിയ ശബരി ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ഡിസ്കൗണ്ടുകൾ നൽകിയിരുന്നു. |

| | | | |
|---|---|---|---|
| (ബി) | സപ്ലൈകോ ചന്ത വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉറപ്പ വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ക്രിസ്തുമസ് - പുതുവത്സര ചന്തകളിൽ പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി e-tender/e-auction മുഖേന യഥാസമയം പർച്ചെയ്സ് നടത്തി സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തി. ക്രിസ്തുമസ്/പുതുവത്സരത്തോടനു ബന്ധിച്ച് 78.92 കോടി രൂപയുടെ സബ്സിഡി സാധനങ്ങൾ സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി വിതരണത്തിന് ലഭ്യമാക്കി. ക്രിസ്തുമസ്/പുതുവത്സരവുമായി ബന്ധപ്പെട്ട് വില്പനശാലകളിലേക്ക് വിതരണം നടത്തിയ സബ്സിഡി സാധനങ്ങളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു.<br><br>ക്രിസ്തുമസ് - പുതുവത്സര ചന്തകളിലും സപ്ലൈകോ വില്പനശാലകളിലും സബ്സിഡി ശബരി വെളിച്ചെണ്ണയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. രണ്ട് ലിറ്റർ സബ്സിഡി വെളിച്ചെണ്ണ ലിറ്ററിന് 309/- രൂപ നിരക്കിലും രണ്ട് ലിറ്റർ നോൺ സബ്സിഡി വെളിച്ചെണ്ണ 329/- രൂപ നിരക്കിലും വിതരണം ചെയ്തു. |
| (സി) | സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും നിയോജക മണ്ഡലങ്ങളിലും സപ്ലൈകോയുടെ പ്രത്യേക ഉത്സവകാല ചന്തകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | ഉണ്ട്. 2025 ക്രിസ്തുമസ്- 2026 പുതുവത്സര വേളയിൽ സപ്ലൈകോ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം തൃശ്ശൂർ എന്നീ ജില്ലകളിൽ 22-12-2025 മുതൽ 01-01-2026 വരെ പ്രത്യേകമായി ജില്ലാ ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി.<br><br>ഇതിനു പുറമേ താലൂക്ക് തലത്തിൽ 22-12-2025 മുതൽ 01-01-2026 വരെ ഓരോ താലൂക്കിലെയും പ്രമുഖ സപ്ലൈകോ വിൽപ്പനശാലയോട് ചേർന്ന് ക്രിസ്തുമസ്-ന്യൂഇയർ ചന്തകൾ സംഘടിപ്പിക്കുകയുണ്ടായി. ഇത്തരത്തിൽ 76 താലൂക്ക് ക്രിസ്തുമസ്-ന്യൂഇയർ ചന്തകൾ സംഘടിപ്പിച്ചു. |
| (ഡി) | പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വിപണി ഇടപെടൽ നടത്തുന്നതിലും സപ്ലൈകോ ചന്തകൾ വഹിച്ച പങ്ക് വിശദമാക്കാമോ? | (ഡി) | ഉത്സവകാലങ്ങളിൽ സപ്ലൈകോ സംഘടിപ്പിക്കുന്ന പ്രത്യേക ചന്തകളും ഫെയറുകളും പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും ജനങ്ങൾക്ക് ന്യായമായ നിരക്കിൽ അവശ്യസാധന ലഭ്യത ഉറപ്പുവരുത്തുന്നതിനും സഹായകരമായിട്ടുണ്ട്.<br><br>പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വിപണി ഇടപെടൽ നടത്തുന്നതിനും സപ്ലൈകോയുടെ ഓണം, ക്രിസ്തുമസ്- പുതുവത്സര ഫെയറുകളും ചന്തകളും സപ്ലൈകോ വിൽപ്പനശാലകളും നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. 2025 ഓണത്തോട് അനുബന്ധിച്ച് സംഘടിപ്പിച്ച ഓണച്ചന്തകൾ വർദ്ധിച്ച |

| | | | |
|---|---|---|---|
| | | | ജനപങ്കാളിത്തം കൊണ്ടും വില്പനകൊണ്ടും മുൻകാല റെക്കോർഡുകൾ തിരുത്തിക്കുറിച്ചു.<br><br>ഓണത്തോടനുബന്ധിച്ച് പൊതുവിപണിയിൽ വെളിച്ചെണ്ണ വില ക്രമാതീതമായി ഉയരുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ട ഉടനെ തന്നെ സപ്ലൈകോ ഫലപ്രദമായി ഇടപെട്ട് വെളിച്ചെണ്ണ വില പിടിച്ച് നിർത്തി. വിപണിയിൽ വെളിച്ചെണ്ണയ്ക്ക് 525/- രൂപ വിലയായിരിക്കെ സബ്സിഡി വെളിച്ചെണ്ണ 339/- രൂപയ്ക്കും നോൺ സബ്സിഡി വെളിച്ചെണ്ണ 389/- രൂപയ്ക്കും ജനങ്ങൾക്ക് നൽകി. വെളിച്ചെണ്ണയുടെ ലഭ്യത ഉറപ്പുവരുത്തി. ഇതേതുടർന്ന് വിപണിയിലും വില കുറയുന്ന പ്രവണത ദൃശ്യമായി. കഴിഞ്ഞ ഓണക്കാലത്ത് 180 കോടി രൂപയുടെ സബ്സിഡി സാധനങ്ങളും 206 കോടി രൂപയുടെ നോൺസബ്സിഡി സാധനങ്ങളുമടക്കം 386 കോടി രൂപയുടെ വിൽപനയാണ് നടന്നത്. 57 ലക്ഷം കുടുംബങ്ങളാണ് സപ്ലൈകോ സന്ദർശിച്ചത്.<br><br>ക്രിസ്തുമസ്- പുതുവത്സര ഫെയറുകളും ചന്തകളും സപ്ലൈകോ വിൽപ്പനശാലകളും വഴി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ സാധനങ്ങളും പൊതുവിപണി വിലയേക്കാൾ ന്യായമായ നിരക്കിൽ മറ്റ് നിത്യോപയോഗ സാധനങ്ങളും വിൽപ്പന നടത്തി. പൊതു വിപണി വിലയേക്കാൾ 20% മുതൽ 35% വരെ വിലക്കുറവിലാണ് പ്രസ്തുത സാധനങ്ങളുടെ സബ്സിഡി നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്. സബ്സിഡി സാധനങ്ങൾക്ക് പുറമേ എഫ്.സി.ഐ. യിൽ നിന്ന് OMSS Scheme ൽ ലഭ്യമായ സ്പെഷ്യൽ പച്ചരിയും പുഴക്കൽ അരിയും കിലോഗ്രാമിന് 25/- രൂപ നിരക്കിൽ ബില്ലൊന്നിൽ പരമാവധി 20 കിലോ വരെ എന്ന കണക്കിന് വിൽപ്പന നടത്തി. പൊതു വിപണിയിലെ വെളിച്ചെണ്ണ വില ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ, 20-12-2025 തീയതിയിലെ സ.ഉ.(സാധാ)നം.438/2025/F&CS പ്രകാരം സപ്ലൈകോയിൽ നിന്ന് 2026 ജനുവരി മാസത്തെ വെളിച്ചെണ്ണയും അരിയും ഉൾപ്പെടെയുള്ള സബ്സിഡി സാധനങ്ങൾ ഉപഭോക്താക്കൾക്ക് 2025 ഡിസംബർ 22 മുതൽ മുൻകൂറായി വാങ്ങുവാനുള്ള അനുമതി നൽകി. ഇത്തരത്തിൽ ക്രിസ്തുമസ്- പുതുവത്സര സീസണിൽ പൊതുവിപണി വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് അവശ്യ സാധനങ്ങൾ ഉപഭോക്താക്കൾക്ക് ആവശ്യാനുസൃതം ലഭ്യമാക്കിയതിനാൽ പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സാധിച്ചു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | Item | Qty (qtl) | AvgRt | Amount |
|---|---|---|---|---|
| 1 | ചെറുപയർ | 6260 | 8753.41 | 54796346.6 |
| 2 | കടല | 5805 | 6352.06 | 36873708.3 |
| 3 | ഉഴുന്ന് | 11495 | 8818.32 | 101366588.4 |
| 4 | തുവര | 5125 | 8190.37 | 41975646.25 |
| 5 | വൻപയർ | 4995 | 6778.44 | 33858307.8 |
| 6 | മുളക് | 3689 | 15023 | 55419773.22 |
| 7 | മല്ലി | 2693 | 10905.2 | 29367784.39 |
| 8 | പഞ്ചസാര | 35100 | 4107.37 | 144168687 |
| 9 | മട്ട അരി ഉണ്ട | 17715 | 3973.3 | 70387009.5 |
| 10 | ജയ അരി | 31025 | 3796.79 | 117795409.8 |
| 11 | കുറുവ അരി | 27850 | 3705.5 | 103198175 |
| Total | | | | **789207436.2** |